LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിലെ സെക്രട്ടറിമാരെ നിയമിക്കുന്നതിന് തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ്

118 [1594] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിലെ സെക്രട്ടറിമാരെ നിയമിക്കുന്നതിന് തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിന് ഇപ്പോൾ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) നിലവിലുള്ള ലിസ്റ്റിൽ ഭേദഗതി വരുത്തുന്നതിനു മുമ്പ് ജീവനക്കാരുടെ സംഘടനകളുമായി ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണോ പ്രൊമോഷൻ നടത്തിയതെന്ന് അറിയിക്കുമോ;

(ഡി) സീനിയോറിറ്റി ലിസ്റ്റിൽ മാറ്റം വരുത്തുന്നതിന് കോടതിയിൽ നിന്നോ സർക്കാരിൽ നിന്നോ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) ഭേദഗതി വരുത്തിയ ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനെതിരെ ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും സ്റ്റേ ലഭിച്ചിട്ടുണ്ടോ;

(എഫ്) 2003 ഡിസംബർ 31 വരെ എത്ര ഒഴിവുകൾ ഉണ്ടായിരുന്നു എന്ന് അറിയിക്കാമോ;

(ജി) ഇതിൽ 2003 ജൂലൈ 1 മുതൽ ഡിസംബർ 31 വരെ എത്ര പേരെയാണ് നിലവിലുള്ള ലിസ്റ്റിൽ നിന്നും പ്രൊമോഷൻ വഴി നിയമിച്ചതെന്നും ഒഴിവുകളുണ്ടായിട്ടും ഇതേവരെ പ്രൊമോഷൻ നടത്താതിരുന്നത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(എച്ച്) ഇത്ര കാലവും നിയമനം നടത്താതെ ഇപ്പോൾ സീനിയോറിറ്റി ലിസ്റ്റിൽ ഭേദഗതി വരുത്തി ധൃതി പിടിച്ച് പ്രൊമോഷൻ നൽകിയതിന്റെ ഉദ്ദേശ്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഭേദഗതി വരുത്തിയ ലിസ്റ്റിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഇല്ല.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ലിസ്റ്റിൽ ഭേദഗതി വരുത്തിയതിനു ശേഷമാണ് പ്രൊമോഷൻ നടത്തിയത്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) 41 ഒഴിവുകൾ.

(ജി ആന്റ് എച്ച്) 2003 ജൂലൈ 1 മുതൽ ഡിസംബർ 31 വരെ നിലവിലുള്ള ലിസ്റ്റിൽ നിന്ന് 41 പേർക്ക് പ്രൊമോഷൻ നൽകി. 1-1-1990-നും 20-10-1993-നും ഇടയിൽ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷനിൽ പ്രൊമോഷനുകൾ നടത്തുകയാണെങ്കിൽ 1521/94 നമ്പർ റിട്ട് അപ്പിലിലെ വിധിന്യായത്തിന് അനുസരണമായിട്ടായിരിക്കണമെന്ന് ഹൈക്കോടതി ഉത്തരവായ സാഹചര്യത്തിൽ പ്രസ്തുത ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസറന്മാരുടെ സീനിയോറിറ്റി പുനർനിർണ്ണയം സംബന്ധിച്ച് സർക്കാർ തീരുമാനം ആകാഞ്ഞതുകൊണ്ടാണ് പ്രൊമോഷൻ നടത്താതിരുന്നത്.

ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പറൻമാർക്ക് പെൻഷൻ പദ്ധതി

119 [1595] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പറൻമാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അവർക്കു കൂടി പെൻഷൻ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഗ്രാമപഞ്ചായത്തു മെമ്പറൻമാരുടെ ഓണറേറിയം കാലാനുസൃതമായി വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly